(എ) മലപ്പുറം ജില്ലയിൽ വനിതാ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോ ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ ഒഴിവുകളിൽ നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) ഈ ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ). മലപ്പുറം ജില്ലയിൽ വനിതാ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 34 ഒഴിവുകളുണ്ട്.

(ബി) ട്രാൻസ്ഫർ മുഖേനയും പ്രമോഷൻ മുഖേനയും ഈ ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ ഒഴിവുകൾ ഉടൻ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഡോക്ടർമാരുടെ അഭാവം കാരണം രോഗികൾക്കുണ്ടാകുന്ന വിഷമങ്ങൾ

160. [929] ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ അമ്പലപ്പാറ സി.എം.സി. ചളവറ പി.എച്ച്.സി., ലക്കിഡി പി.എച്ച്.സി എന്നിവിടങ്ങളിലെ ഡോക്ടർമാരുടെ അഭാവം കാരണം പാവപ്പെട്ട രോഗികൾക്കുണ്ടാകുന്ന വിഷമങ്ങൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മേൽപ്പറഞ്ഞ മൂന്ന് സർക്കാർ ആശുപത്രികളിലേയും ഒഴിവുകൾ നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) ഉണ്ട്. അമ്പലപ്പാറ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള 2 ഒഴിവുകൾ നികത്തുന്നതിലേക്കായി 24-6-2005 ൽ പി.എസ്.സി. മുഖേന രണ്ട് ഡോക്ടർമാരെ നിയമിച്ചു. ചളവറ, ലക്കിഡി എന്നീ പി.എച്ച്.സി.കളിലെ ഡോക്ടർമാരുടെ ഓരോ ഒഴിവ് നികത്തുന്നതിലേക്കായി 2-7-2005-ൽ പി.എസ്.സി. മുഖേന ഡോക്ടർമാരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly